## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1823** **08-06-2018 ൽ മറുപടിയ്ക്ക്**

### നൂനപക്ഷക്ഷേമ വകുപ്പിന് കീഴിലുള്ള ഭവന നിർമ്മാണ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മഞ്ഞളാംകുഴി അലി** | | **ശ്രീ. കെ.ടി. ജലീൽ (തദ്ദേശസ്വയംഭരണവുംനൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൂനപക്ഷക്ഷേമ വകുപ്പിന് കീഴിലുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം ഓരോവർഷവും എത്ര ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിക്കുന്നതിന് സഹായം നൽകിയിട്ടുണ്ടെന്നും ഇതിനായി എത്ര രൂപ വീതം നീക്കിവച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പിന് കീഴിൽ ഭവന നിർമ്മാണ പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 1240 ഗുണഭോക്താക്കൾക്കായി 3100 ലക്ഷം രൂപ നീക്കി വെക്കുകയും ആയത് ജില്ലാ കളക്ടർമാർക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ 1798 പുതിയ ഭവനങ്ങൾക്കും 1000 ഭവനങ്ങളുടെ പുനരുദ്ധാരണത്തിനുമായി 5000 ലക്ഷം രൂപ നീക്കി വെയ്ക്കുകയും ആയത് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ 5000 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ അനുവദിച്ച വീടുകളിൽ എത്ര എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്നും ഗുണഭോക്താക്കൾക്ക് പൂർണ്ണമായും തുക വിതരണം ചെയ്തിട്ടുണ്ടോയെന്നും ആദ്യ ഗഡുപോലും ലഭിക്കാത്ത എത്ര ഗുണഭോക്താക്കൾ ബാക്കിയുണ്ടെന്നും വിശദമാക്കാമോ; | (ബി) | 2016-17 സാമ്പത്തിക വർഷത്തിൽ ഇതുവരെ 704 വീടുകൾ പൂർത്തീകരിച്ചിട്ടുള്ളതും ബാക്കിയുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ച വരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം അനുവദിച്ച വീടുകളുടെ ഫീൽഡ് വെരിഫിക്കേഷനടക്കമുള്ള നടപടിക്രമങ്ങൾക്ക് ശേഷം ജില്ലാ കളക്ടറുമായി കരാർ നടപടികൾ പൂർത്തീകരിച്ച് വരികയാണ്. പദ്ധതി പ്രകാരം കരാർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമാണ് 3 ഘട്ടങ്ങളിലായി നിർമ്മാണം പൂർത്തീകരിക്കുന്നതിന് തുക അനുവദിക്കുന്നത്. ഇതനുസരിച്ചിട്ടുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. |
| (സി) | യഥാസമയം തുക വിതരണം നടത്താത്തത് കാരണം നിർമ്മാണം നിലച്ച വീടുകൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ തുക മുഴുവൻ അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | വകുപ്പിന്റെ ഭവനപദ്ധതിയിൽ യഥാസമയം തുക വിതരണം നടത്താത്തത് കാരണം നിർമ്മാണം നിലച്ച വീടുകൾ ഒന്നും തന്നെ ഇല്ല. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**